**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 476** **02-02-2023 - ൽ മറുപടിയ്ക്ക്**

**കല്ലൂരിക്കടവ് പാലം പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അഴിക്കോട് മണ്ഡലത്തിൽ കിഫ്‌ബിയിൽ ഉൾപ്പെടുത്തിയ കല്ലൂരിക്കടവ് പാലം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | അഴീക്കോട് നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന കിഫ്‌ബി പദ്ധതിയായ കല്ലൂരിക്കടവ് പാലം നിർമ്മാണ പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) കിഫ്‌ബിയിൽ സമർപ്പിച്ചിരുന്നതും, ആയത് കിഫ്‌ബിയുടെ പദ്ധതി അവലോകന വിഭാഗം അവലോകനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി DPR കിഫ്‌ബി നിഷ്കർഷിക്കുന്ന മാതൃകയിൽ പുനഃസമർപ്പിക്കുവാൻ നിർദ്ദേശിച്ച് കൊണ്ട് SPV-ക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു.<br><br>എന്നാൽ ഇതിന് SPV ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ, സാങ്കേതിക അവലോകന റിപ്പോർട്ടിലെ നിർദ്ദേശങ്ങളെല്ലാം പാലിച്ച് കൊണ്ട് കിഫ്‌ബി നിഷ്കർഷിക്കുന്ന മാതൃകയിലുള്ള DPR സമർപ്പിക്കുവാൻ നിർദ്ദേശിച്ച് കൊണ്ട് SPV-ക്ക് വീണ്ടും തിരിച്ച് നൽകിയിരിക്കുകയാണ്.<br><br>നിലവിലെ PWD റോഡുമായി ബന്ധിപ്പിക്കുന്നതിനായി പാപ്പിനിശ്ശേരി ഭാഗത്ത് അധികമായി എടുക്കേണ്ടതായി വന്നിട്ടുള്ള 800 മീറ്റർ ദൂരത്തിലുള്ള റോഡിന്റെ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി, റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് രൂപകൽപന വിഭാഗത്തിന് DPR തയ്യാറാക്കുന്നതിനായി നൽകിയിട്ടുണ്ടെന്നാണ് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശം നൽകാമോ? | (ബി) | മേൽപ്പറഞ്ഞ നപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസി പരിഷ്കരിച്ച DPR കിഫ്‌ബിക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്‌ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് |

| | | | |
|---|---|---|---|
| | | | ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ